പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3867 — 23.08.2017 ൽ മറുപടിക്ക്

## മലബാർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളപരിഷ്കരണം

**ചോദ്യം**

ശ്രീ. എ.പി. അനിൽ കുമാർ

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്;

(ബി) മലബാർ ദേവസ്വം ബോർഡ് ഭരണവിഭാഗം ജീവനക്കാർക്കും ഇതര ദേവസ്വം ജീവനക്കാർക്കും രണ്ടാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കിയപ്പോൾ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം മലബാർ ക്ഷേത്ര ജീവനക്കാർക്ക് മുഴുവൻ ശമ്പളവും മലബാർ ദേവസ്വം ബോർഡ് ഫണ്ടിൽ നിന്നും നൽകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഭരണവിഭാഗം ജീവനക്കാർക്ക് നൽകിയ ശാസ്ത്രീയമായ ശമ്പളപരിഷ്കരണം മലബാർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്കും നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) & (ബി)

01/03/2009 ലാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടപ്പിലാക്കിയത്. മലബാർ ദേവസ്വം ബോർഡ് ഭരണവിഭാഗം ജീവനക്കാർ നിർത്തലാക്കപ്പെട്ട ഹിന്ദുമതധർമ്മസ്ഥാപന(ഭരണ) വകുപ്പിലെ സർക്കാർ ജീവനക്കാരനായതിനാൽ സർക്കാർ ജീവനക്കാർക്ക് കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്ന ശമ്പള പരിഷ്കരണം പ്രസ്തുത ജീവനക്കാർക്കും ബാധകമാണ്. ബഹു. ഹൈക്കോടതിയുടെ വിവിധ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള വരുമാനം കൂടുതലുള്ള 9 സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതാത് ക്ഷേത്രങ്ങളുടെ ഫണ്ടിൽ നിന്നും സർക്കാർ ജീവനക്കാരുടെ നിരക്കിലുള്ള ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുണ്ട്.

(സി) & (ഡി)

വാർഷിക വരുമാനം 5 ലക്ഷത്തിൽ കുറവുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ മുഴുവൻ ശമ്പളവും വാർഷിക വരുമാനം 5 ലക്ഷത്തിനും 15 ലക്ഷത്തിനും ഇടയ്ക്കുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ചെലവിൽ ക്ഷേത്ര വരുമാനത്തിന്റെ 30 % കിഴിച്ചുള്ള തുകയും വാർഷിക വരുമാനം 15 ലക്ഷത്തിനും 25 ലക്ഷത്തിനും ഇടയ്ക്കുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ചെലവിൽ ക്ഷേത്ര വരുമനാനത്തിന്റെ 50 % കിഴിച്ചുള്ള തുകയും മലബാർ ദേവസ്വം ബോർഡിൽ നിന്നും ഗ്രാന്റായി നൽകണമെന്നും ശ്രീ. കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ